അവാർഡ് ലഭിച്ച സ്കൂൾ അദ്ധ്യാപകർക്ക് സൗജന്യ യാത്രാ സൗകര്യം

117 [3522] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ അവാർഡ് ലഭിച്ച സ്കൂൾ അദ്ധ്യാപകർക്ക് കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ സൗജന്യയാത്ര അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) തൽക്കാലം പരിഗണനയിലില്ല.

വികലാംഗർക്ക് ബസ് പാസ് പുതുക്കി നൽകുന്നതിനുള്ള പുതിയ വ്യവസ്ഥ

118 [3523] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ആറ്റിങ്ങൽ ഡിപ്പോയിൽനിന്നും 1-1-2002-നും 1-6-2003-നും ഇടയ്ക്ക് വികലാംഗർക്കുള്ള എത്ര ബസ് പാസ്സുകൾ പുതുക്കി നൽകിയിട്ടുണ്ട്.

(ബി) വികലാംഗർക്കുള്ള ബസ് പാസ്സുകൾ പുതുക്കി നൽകുന്നതിന് വില്ലേജ് ആഫീസറിൽനിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് നിർബ്ബന്ധമാക്കിയിട്ടുണ്ടോ;

(സി) ഗവൺമെന്റ് സർവ്വീസിൽ ഉള്ള വികലാംഗർക്ക് പ്രസ്തുത കാലയളവിൽ പാസ് പുതുക്കി നൽകിയിട്ടുണ്ടോ;

(ഡി) വികലാംഗർ നൽകുന്ന അപേക്ഷയിൽ അവരുടെ സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ പാസ് പുതുക്കി നൽകാൻ വ്യവസ്ഥയുണ്ടോ?

ഉത്തരം

(എ) 152.

(ബി) ഇല്ല.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വരുമാനത്തിന്റെ കാര്യത്തിൽ വികലാംഗർ നൽകുന്ന സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ പാസ് പുതുക്കി നൽകുന്നുണ്ട്. സംശയിക്കത്തക്ക സാഹചര്യത്തിൽ അന്വേഷണം നടത്തിയശേഷമേ പാസ് പുതുക്കി നൽകാറുള്ളൂ.

ബോഡി ബിൽഡിംഗ് നിർത്തിവയ്ക്കാനിടയായ സാഹചര്യം

119 [3524] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെ. എസ്. ആർ. ടി. സി. ഡിപ്പോകളിൽ ബോഡി ബിൽഡിംഗ് നിർത്തിവയ്ക്കാനിടയായ സാഹചര്യം എന്തായിരുന്നെന്ന് വിശദീകരിക്കാമോ;

(ബി) ഈ നടപടി കെ. എസ്. ആർ. ടി. സി.-യുടെ താൽപ്പര്യങ്ങൾക്ക് വിപരീതവും സ്വകാര്യ ബോഡി ബിൽഡേഴ്സിന് സഹായകരമാകുന്നതുമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ബോഡി ബിൽഡിംഗ് നിർത്തിവച്ചിട്ടില്ല. സാമ്പത്തിക സ്ഥിതി മോശമായ കാരണത്താൽ ചേസിസിന്റെ ദൗർലഭ്യം മൂലമാണ് ബോഡി ബിൽഡിംഗ് കുറഞ്ഞത്.

(ബി) സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ട നിലയ്ക്ക് ബോഡി ബിൽഡിംഗ് പുനരാരംഭിച്ചിട്ടുണ്ട്.

കോച്ച് ബിൽഡർ തസ്തിക

120 [3525] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിലേക്ക് കോച്ച് ബിൽഡർ തസ്തികയിലേക്കുള്ള നിയമനത്തിന് പി. എസ്. സി. തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽനിന്നും നാളിതുവരെയായി എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ:

(സി) ഈ ഒഴിവുകൾ വൈകാതെ നികത്തുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോച്ച് ബിൽഡർ തസ്തികയിലേക്ക് ഇപ്പോൾ പി. എസ്. സി. ലിസ്റ്റുകളൊന്നും നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly